കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/140/2024-SEC തീയതി: 22-11-2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,
ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.

സർ,

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിൽ **2024 ഡിസംബർ 10 (ചൊവ്വ)** ന് നടത്തുന്ന 12-ാം ഉപതിരഞ്ഞെടുപ്പ് സമ്മതിദായകരുടെ ഇടതു കയ്യിലെ നടുവിരലിൽ മഷി പുരട്ടുന്നത് – നിർദേശം സംബന്ധിച്ച്

സൂചന:- 13.11.2024 ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1995 - ലെ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 33 (ആൾ മാറാട്ടത്തിനെതിരെയുള്ള മുൻകരുതലുകൾ) പ്രകാരം ഓരോ സമ്മതിദായകന്റെയും നിജസ്ഥിതിയെപ്പറ്റി ബോദ്ധ്യമായാൽ അയാളുടെ ഇടതു കൈയിലെ ചൂണ്ടുവിരൽ പ്രിസൈഡിംഗ് ഓഫീസറോ പോളിംഗ് ഓഫീസറോ പരിശോധിക്കുന്നതിനും അതിൽ മായാത്ത മഷികൊണ്ട് ഒരു അടയാളം ഇടുന്നതിനും അനുവദിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 33(2) അനുസരിച്ച് മേൽ പരാമർശിച്ചിരിക്കും വിധം ഒരു അടയാളം അയാളുടെ ഇടതു ചൂണ്ടുവിരലിൽ ഉണ്ടെങ്കിൽ അയാൾക്ക് ഏതെങ്കിലും ബാലറ്റ് പേപ്പർ കൊടുക്കുകയോ അയാളെ വോട്ടുചെയ്യാൻ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ലെന്നും നിബന്ധനപ്പെടുത്തിയിട്ടുണ്ട്.

2024 ഡിസംബർ 13, 20 തീയതികളിൽ ലോക് സഭ, നിയമസഭ മണ്ഡലങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ സമ്മതിദാനവകാശം വിനിയോഗിച്ച എല്ലാ വോട്ടർമാരുടെയും ഇടതു കൈയിലെ ചൂണ്ടുവിരലിൽ മായാത്ത മഷി പുരട്ടപ്പെട്ടിട്ടുള്ളതാണ്. ഇപ്രകാരം പുരട്ടിയിട്ടുള്ള മഷി വോട്ടർമാരുടെ വിരലുകളിൽ നിലനിൽക്കുന്നതും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കാനിരിക്കുന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ എത്തുന്ന സമ്മതിദായകരുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതിന് പ്രിസൈഡിംഗ്, പോളിംഗ് ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുമാണ്.

മേൽ സാഹചര്യത്തിൽ 2024 ഡിസംബർ 10-ാം തീയതി (ചൊവ്വ) നിശ്ചയിച്ചിട്ടുള്ള 31 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡല / വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ എത്തുന്ന **സമ്മതിദായകരുടെ ഇടതു കയ്യിലെ ചൂണ്ടുവിരലിൽ മഷി പുരട്ടുന്നതിന് പകരം ഇടതു കൈയ്യിലെതന്നെ നടുവിരലിൽ മഷി പുരട്ടുന്നതിന് നിർദ്ദേശം നൽകുന്നു.** പ്രസ്തുത മാറ്റം 2024 ഡിസംബർ 10-ാം തീയതി

നിശ്ചയിച്ചിട്ടുള്ള 12-ാമത് ഉപതിരഞ്ഞെടുപ്പിനുവേണ്ടി മാത്രമുള്ളതായിരിക്കും. ഇത് സംബന്ധിച്ച വ്യക്തമായ അറിയിപ്പ് രാഷ്ട്രീയ പാർട്ടികൾ, സ്ഥാനാർത്ഥികൾ, വരണാധികാരികൾ. പ്രിസൈഡിംഗ് ഓഫീസർ, പോളിങ് ഓഫീസർ എന്നിവർക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 22-11-2024 11:32:00

PRAKASH.B.S
SECRETARY

പകർപ്പ് :

എല്ലാ വരണാധികാരികൾക്കും(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)
എല്ലാ പ്രിസൈഡിംഗ് ഓഫീസർമാർക്കും(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)
കമ്മീഷണറുടെ പി.എസ്സ്
പബ്ലിക് റിലേഷൻസ് ഓഫീസർ(എല്ലാ വാർത്താ മാധ്യമങ്ങൾ മുഖേനയും പ്രചരിപ്പിയ്ക്കുന്നതിനായി)
എല്ലാ നോഡൽ ഓഫീസർമാർക്കും
ഐ.ടി സെൽ

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

-